# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 640 — 13.06.2012-ൽ മറുപടിക്ക്

## മഴക്കാലജന്യരോഗങ്ങളുടെ പ്രതിരോധം

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. പി.സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| മഴക്കാലജന്യരോഗങ്ങളെ പ്രതിരോധിക്കുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വ്യക്തമാക്കുമോ ? | മഴക്കാലരോഗങ്ങളെ മുൻകൂട്ടി പ്രതിരോധിക്കുവാൻ ഈ വർഷം ജനുവരി മുതൽ സംസ്ഥാനത്ത് 'സമഗ്ര' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് മൂന്ന് ഘട്ടങ്ങളായി നടപ്പിലാക്കി വരുന്നു.<br>ജനുവരി 15ന് തുടങ്ങി മാർച്ച് 15ന് അവസാനിച്ച ഒന്നാം ഘട്ടത്തിൽ ജില്ലാതലം മുതൽ വാർഡ് തലം വരെ അവലോകന യോഗങ്ങൾ, കൊതുക്-കൂത്താടി നശീകരണം മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യ ബോധവത്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി.<br>മെയ് 15-ന് ആരംഭിച്ച രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ജൂലായ് 31 വരെ തുടരും. ഈ ഘട്ടത്തിൽ രോഗപ്രതിരോധം, രോഗചികിത്സ, പകർച്ചവ്യാധി നിരീക്ഷണവും നിയന്ത്രണവും, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ ഇതര വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.<br>രോഗചികിത്സയ്ക്ക് ആവശ്യമായ ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ഉദ്യോഗസ്ഥരെയും ആശുപത്രികളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും |

വിന്യസിക്കുകയും മരുന്നുകൾ, ഒ.ആർ.എസ്., ഐ.വി. ഫ്ളൂയിഡുകൾ, മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. പനി വാർഡുകൾ/ ഒ.ആർ.എസ് ഡിപ്പോകൾ, ഒ.ആർ.റ്റി. കോർണറുകൾ തുടങ്ങിയവയും ആരംഭിച്ചു. രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും വേണ്ട സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

മെയ് 17 ശുചിത്വദിനമായി ആചരിച്ച് സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും ശുചീകരണം നടത്തി. ജൂൺ 4 മുതൽ 17 വരെ ഊർജ്ജിത പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പക്ഷാചരണമായി ആചരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

പകർച്ചവ്യാധി പ്രതിരോധ സംബന്ധമായ ലഘുലേഖകൾ, കൈപ്പുസ്തകങ്ങൾ, ട്രീറ്റ്മെന്റ് പ്രോട്ടോക്കോളുകൾ തുടങ്ങിയവ അച്ചടിച്ച് ജില്ലകളിൽ വിതരണം നടത്തിയിട്ടുണ്ട്.

സംസ്ഥാന തലത്തിലും ജില്ലകളിലും ദ്രുതകർമ്മ സേനകളുടെയും ഇന്റർ സെക്ടറൽ കോർഡിനേഷൻ സമിതിയുടേയും യോഗങ്ങൾ നടത്തി. കൂടാതെ ഐ.ഡി.എസ്.പി. മുഖേനയുള്ള രോഗ നിരീക്ഷണവും അവലോകനവും നിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ